**പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**(ഹയർസെക്കന്ററി വിഭാഗം) ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ, തിരുവനന്തപുരം**

**(സാന്നിദ്ധ്യം: ശ്രീ. ജീവനൻ ബാബു കെ., ഐ.എ.എസ്)**

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കന്ററി വിഭാഗം - ജീവനക്കാര്യം - എച്ച്.എസ്.എസ്.റ്റി (ജൂനിയർ) അദ്ധ്യാപകരുടെ എച്ച്.എസ്.എസ്.റ്റി തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനം- **എച്ച്.എസ്.എസ്.റ്റി ഹിന്ദി** അദ്ധ്യാപക തസ്തികയിൽ 55200 - 115300/- രൂപ ശമ്പള സ്കെയിൽ - തസ്തികമാറ്റ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ്. നം. HSE/745/2021-Ad C1 തീയതി: **20/09/2022**

---

പരാമർശം: 1. 16/04/2001 - ലെ 144/2001/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്

2. കേരള ഗസറ്റ് നമ്പർ 2297 തീയതി: 02/08/2021.

3. 10/09/2021 - ലെ ഇതേ നമ്പർ ഉത്തരവ്.

4. ശ്രീമതി. ജയന്തി പി.പി സമർപ്പിച്ച അപേക്ഷ.

5. 09/12/2021 - ലെ ഇതേ നമ്പർ റീലിംഗ്വിഷ്മെന്റ് ഉത്തരവ്.

## ഉത്തരവ്

പരാമർശം (1), (2) ഉത്തരവുകൾ പ്രകാരവും കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II റൂൾ 28 ബി (i) അനുസരിച്ചും **ഹിന്ദി** വിഷയത്തിൽ താഴെ പറയുന്ന എച്ച്.എസ്.എസ്.റ്റി ജൂനിയർ മലയാളം അധ്യാപികയ്ക്ക് തസ്തികമാറ്റം വഴി **എച്ച്.എസ്.എസ്.റ്റി ഹിന്ദി** ആയി പരാമർശം (3) പ്രകാരം നിയമനം നൽകി ഉത്തരവായിരുന്നു. പരാമർശം (4) അപേക്ഷ പരിഗണിച്ച് പ്രസ്തുത നിയമനം പരാമർശം (5) ഉത്തരവ് പ്രകാരം ഒരു വർഷത്തേക്ക് റീലിംഗ്വിഷ് ചെയ്തിരുന്നു. റീലിംഗ്വിഷ്മെന്റ് കാലയളവ് അവസാനിച്ചതിനാൽ ടി അധ്യാപികയ്ക്ക് എച്ച്.എസ്.എസ്.റ്റി ഹിന്ദി തസ്തികയിൽ നിയമനം നൽകി ഉത്തരാവകുന്നു.

| ക്രമ നമ്പർ | പേര്, പെൻ<br>എച്ച്.എസ്.എസ്.റ്റി (ജൂനിയർ) ആയി നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ | തസ്തികമാറ്റം വഴി എച്ച്.എസ്.എസ്.റ്റി ആയി നിയമനം നൽകുന്ന സ്കൂൾ |
|---|---|---|
| 1 | **JAYANTHI P . P**<br>PEN:433097<br>GOVT. HSS SOUTH<br>THRIKKARIPPOOR, KASARAGOD<br>(14042) | GOVT. HSS,<br>UDUMA<br>KASARAGOD (14017) |

2. ടി അദ്ധ്യാപികയ്ക്ക് പുനർനിയമനം, Joining time extension എന്നിവ നൽകുന്നതല്ല. ടിയാൾ ഉത്തരവ് ലഭിച്ച് 7 ദിവസങ്ങൾക്കുള്ളിൽ പുതിയ സ്കൂളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. പൊതുസ്ഥലം മാറ്റത്തിലോ/കോടതി/സർക്കാർ ഉത്തരവിന് വിധേയമായോ യോഗ്യരായ സർവ്വീസിലിരിക്കുന്ന അദ്ധ്യാപകർ ആരെങ്കിലും ടി സ്കൂൾ ഓപ്റ്റ് ചെയ്യുകയാണെങ്കിൽ ടിയാളെ മറ്റൊരു സ്കൂളിലേക്ക് മാറ്റി നിയമിക്കുന്നതായിരിക്കും. ടിയാളുടെ നിയമനം ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ Conditional status- ൽ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. ടി അദ്ധ്യാപിക ജോലിയിൽ പ്രവേശിച്ച വിവരം (വിടുതൽ തീയതി, പ്രവേശന തീയതി എന്നിവ സഹിതം) ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ ഈ ഓഫീസിലേക്ക് ഉടൻ തന്നെ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഒപ്പ്/-
ജീവൻബാബു കെ, ഐ.എ.എസ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:
1. ബന്ധപ്പെട്ട വ്യക്തിക്ക്.
2. ബന്ധപ്പെട്ട പ്രിൻസിപ്പൽമാർക്ക്
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
4. ബന്ധപ്പെട്ട ആർ.ഡി.ഡി.
5. ബന്ധപ്പെട്ട ഡി.റ്റി.ഒ/എസ്.റ്റി.ഒ
6. കരുതൽ/അധികം

ആജ്ഞാനുസരണം

സൂപ്രണ്ട്

PS